പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3313 — 19.06.2018-ലെ മറുപടിക്ക്

# കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ പ്രവർത്തനം

ചോദ്യം — ശ്രീ. ആന്റണി ജോൺ

ഉത്തരം — ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയും ഹൈറേഞ്ചിന്റെ കവാടവുമായ കോതമംഗലത്തെ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ കോതമംഗലത്തെ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓപ്പറേറ്റ് ചെയ്യാതിരുന്ന 15 ഷെഡ്യൂളുകൾ പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആയതിനായി 4 ജന്റം ബസ്സുകൾ ഉൾപ്പെടെ 5 ബസ്സുകൾ പുതിയതായി നൽകിയിട്ടുണ്ട്. കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ ഗ്യാരേജിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും പുതിയ Pneumatic tyre wrench, Bench drill, Greasing equipments, Trolly Jack എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | എത്ര പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ; | (ബി) | പുതിയതായി ഒരു സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. |
| (സി) | പുതിയ ബസ്സുകളും ദീർഘ ദൂര സർവ്വീസുകളും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഡിപ്പോക്ക് വേണ്ടി നിലവിലെ ഡിപ്പോയോട് ചേർന്ന് തന്നെ സൗജന്യമായി വിട്ടുകിട്ടിയ ഭൂമി ബസ്സ്സ്റ്റാന്റിന്റെ ആവശ്യങ്ങൾക്കായി വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) യും (ഇ) യും | ഉണ്ട്. പാറ നീക്കം ചെയ്യുന്നതിനായി 2014-2015 ൽ ക്വട്ടേഷൻ ക്ഷണിച്ചു എങ്കിലും ഭീമമായ തുകയ്ക്ക് ക്വട്ടേഷൻ ലഭിക്കുകയും കൂടാതെ റോയൽറ്റി ഇനത്തിൽ സർക്കാരിലേക്ക് 1,20,000/- രൂപ അടയ്ക്കണമെന്ന് കാണിച്ച് ജിയോളജി വകുപ്പിൽ നിന്ന് അറിയിപ്പ് ലഭിക്കുകയുണ്ടായി. ടി പരിതസ്ഥിതിയിൽ പാറ പൊട്ടിക്കുന്നതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങളും റോയൽറ്റി അടയ്ക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളും സംബന്ധിച്ച അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ ടി പ്രവൃത്തി ഇപ്പോൾ നിർവ്വഹിക്കുവാൻ സാധിക്കുന്നില്ല. |
| (ഇ) | ഈ സ്ഥലത്തെ പാറ അടിയന്തരമായി നീക്കം ചെയ്ത് ഡിപ്പോയിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**